നമ്പർ. സി.ജി. (2) 12001/09 സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്

തിരുവനന്തപുരം, തീയതി 27-02-2009

## സർക്കുലർ നമ്പർ 9/2009

വിഷയം : സഹകരണ വകുപ്പ് - സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച്.

സൂചന : 26-02-2009 ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനങ്ങൾ.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ എടുത്തിട്ടുള്ള 25,000/- രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും ഉൾപ്പെടെ എഴുതി തള്ളുന്നതിനും 25,000/- രൂപക്ക് മുകളിലുള്ള വായ്പകൾ ഒറ്റത്തവണ തീർപ്പാക്കി പലിശയും പിഴപ്പലിശയും മറ്റു ചെലവുകളും ഒഴിവാക്കി കൊടുക്കുന്നതിനും (മുതൽ മാത്രം ഈടാക്കുന്നതിന്) ഇതിനായി പ്രത്യേക സ്കീം തയ്യാറാക്കി ആവശ്യമായ പണം നിലവിലുള്ള കോർപ്പസ് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും 2009-10 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗങ്ങൾ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാത്തരം വായ്പകളും ധനകാര്യവകുപ്പിൽ നിന്നും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ഈടാക്കേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു.

2009 ഫെബ്രുവരി മാസത്തിലെ കുടിശിക നിവാരണം ശതശതമാനം പദ്ധതി പ്രകാരം ഈ വിഭാഗത്തിൽ നിന്ന് ഏതെങ്കിലും തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത്

സസ്പെൻസ് അക്കൗണ്ടിൽ വയ്ക്കുന്നതിനും നിർദ്ദേശിക്കുന്നു. പ്രസ്തുത നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്

റാണി ജോർജ്ജ് ഐ.എ.എസ്.

സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്</u>

1) മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്.

2) മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.

3) ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.

4) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്) മാർക്കും.

5) ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ/സംസ്ഥാന സഹകരണ ബാങ്ക്.

6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്) മാർക്കും.
(ജോയിന്റ് രജിസ്ട്രാർമാർ മുഖേന).

7) എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/
സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ/മറ്റ്
കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ
(ജോയിന്റ് രജിസ്ട്രാർമാർ മുഖേന).

8) സെക്രട്ടറി,
സംസ്ഥാന സഹകരണ യൂണിയൻ.

9) എഡിറ്റർ,
സഹകരണ വീഥി/സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്)

10) ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും.

11) സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

(ഒപ്പ്)

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)

7/4